എ.വൈ.ആർ


സൂറ-13

# അർറഅ്ദ്

22 വിധാതാവിന്റെ പ്രീതിക്കായി സഹനമവലംബിച്ചവരും നമസ്കാരം നിലനിർത്തിയവരും നാം നൽകിയ വിഭവങ്ങളിൽനിന്ന് രഹസ്യമായും പരസ്യമായും ദാനം ചെയ്തവരും നന്മകൊണ്ട് തിന്മയെ പ്രതിരോധിക്കുന്നവരുമായ അക്കൂട്ടർക്കുള്ളതത്രെ പാരത്രിക ഭവനം.
23 നിത്യവാസത്തിനുള്ള സ്വർഗീയാരാമങ്ങളാണത്. അവർ അതിലെത്തിച്ചേരുന്നു. അവരുടെ പിതാക്കളിലും ഇണകളിലും മക്കളിലും നല്ലവരായവരും അവരോടൊപ്പം ചേർക്കപ്പെടുന്നതാകുന്നു. സകല കവാടങ്ങളിലൂടെയും മലക്കുകൾ അവരെ സന്ദർശിക്കുന്നു.
24 ആ മലക്കുകൾ സ്വർഗസ്ഥരെ അഭിവാദ്യം ചെയ്യും: നിങ്ങൾക്കു സമാധാനം. ഭൗതിക ലോകത്ത് അവലംബിച്ച സഹനത്തിന്റെ ഫലമായി നിങ്ങളിതാ ഈ മഹിതഭവനത്തിനർഹരായിരിക്കുന്നു. ഈ പരലോകഭവനം എത്ര അനുഗൃഹീതം!

وَٱلَّذِينَ صَبَرُواْ ٱبۡتِغَآءَ وَجۡهِ رَبِّهِمۡ وَأَقَامُواْ ٱلصَّلَوٰةَ وَأَنفَقُواْ مِمَّا
رَزَقۡنَٰهُمۡ سِرّٗا وَعَلَانِيَةٗ وَيَدۡرَءُونَ بِٱلۡحَسَنَةِ ٱلسَّيِّئَةَ أُوْلَٰٓئِكَ لَهُمۡ عُقۡبَى
ٱلدَّارِ ﴿٢٢﴾
جَنَّٰتُ عَدۡنٖ يَدۡخُلُونَهَا وَمَن صَلَحَ مِنۡ ءَابَآئِهِمۡ وَأَزۡوَٰجِهِمۡ وَذُرِّيَّٰتِهِمۡۖ
وَٱلۡمَلَٰٓئِكَةُ يَدۡخُلُونَ عَلَيۡهِم مِّن كُلِّ بَابٖ ﴿٢٣﴾
سَلَٰمٌ عَلَيۡكُم بِمَا صَبَرۡتُمۡۚ فَنِعۡمَ عُقۡبَى ٱلدَّارِ ﴿٢٤﴾

وَٱلَّذِينَ صَبَرُواْ= സഹനമവലംബിച്ചവരും ٱبۡتِغَآءَ وَجۡهِ رَبِّهِمۡ= അവരുടെ വിധാതാവിന്റെ മുഖം കാംക്ഷിച്ച്(പ്രീതിക്കുവേണ്ടി)
وَأَقَامُواْ ٱلصَّلَوٰةَ= നമസ്കാരം നിലനിർത്തിയവരും وَأَنفَقُواْ= ചെലവഴിച്ച(ദാനം ചെയ്ത)വരും
مِمَّا رَزَقۡنَٰهُمۡ= നാം അവർക്ക് നൽകിയതി(വിഭവങ്ങളി)ൽനിന്ന് سِرّٗا= രഹസ്യമായി وَعَلَانِيَةٗ= പരസ്യമായും
وَيَدۡرَءُونَ= അവർ പ്രതിരോധിക്കുന്നു(ന്നവരുമായ) بِٱلۡحَسَنَةِ= നന്മകൊണ്ട് ٱلسَّيِّئَةَ= തിന്മയെ أُوْلَٰٓئِكَ= അക്കൂട്ടർ
لَهُمۡ= അവർക്കുള്ളതത്രെ عُقۡبَى ٱلدَّارِ= ഭവനത്തിന്റെ പിൻവശം, അനന്തരഭവനം, പാരത്രിക ഭവനം
جَنَّٰتُ= (അത് സ്വർഗീയ) ആരാമങ്ങളാകുന്നു عَدۡنٖ= സ്ഥിരവാസത്തിന്റെ(നിത്യവാസത്തിനുള്ള)
يَدۡخُلُونَهَا= അവർ അതിൽ കടക്കും(എത്തിച്ചേരുന്നു) وَمَن صَلَحَ= നല്ലവരായവരും, സൽകർമം ചെയ്തവരും
مِنۡ ءَابَآئِهِمۡ= അവരുടെ പിതാക്കളിൽനിന്ന് وَأَزۡوَٰجِهِمۡ= അവരുടെ ഇണകളിൽനിന്നും وَذُرِّيَّٰتِهِمۡۖ= അവരുടെ മക്കളിൽനിന്നും
وَٱلۡمَلَٰٓئِكَةُ= മലക്കുകളും يَدۡخُلُونَ عَلَيۡهِم= അവരുടെ മേൽ പ്രവേശിക്കും(സന്ദർശിക്കുന്നു) مِّن كُلِّ بَابٖ= എല്ലാ വാതിലിലൂടെയും
سَلَٰمٌ عَلَيۡكُم= നിങ്ങൾക്ക് സമാധാനം (എന്ന്) (ആ മലക്കുകൾ അഭിവാദ്യം ചെയ്യും)
بِمَا صَبَرۡتُمۡ= (ഭൗതികലോകത്ത്) നിങ്ങൾ സഹനമവലംബിച്ചതിന്റെ ഫലമായി فَنِعۡمَ= എത്ര അനുഗൃഹീതം
عُقۡبَى ٱلدَّارِ= പിൻഭവനം, പരലോകഭവനം

**22:** അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ക്ഷമിക്കുക എന്നതിന്റെ താൽപര്യം അല്ലാഹുവുമായുള്ള പ്രതിജ്ഞ പാലിക്കുന്നതിന്റെ പേരിൽ നേരിടേണ്ടിവരുന്ന കഷ്ടനഷ്ടങ്ങളും പീഡനങ്ങളും ക്ഷമയോടെ നേരിട്ടുകൊണ്ട് ആ മാർഗത്തിൽ മുന്നോട്ടു പോവുക എന്നാണ്. കഷ്ടനഷ്ടങ്ങൾ ഉണ്ടാകുമെന്നു കാണുമ്പോൾ അല്ലാഹുവിനോടുള്ള പ്രതിജ്ഞ മറക്കുകയോ ലംഘിക്കുകയോ ചെയ്യുക സത്യസന്ദേശം ഉൾക്കൊണ്ടവരുടെ സ്വഭാവമല്ല. സൂറ *ലുഖ്മാൻ* 17-ാം സൂക്തത്തിൽ പറഞ്ഞു:

يَـٰبُنَـيَّ أَقِـمِ ٱلصَّلَـوٰةَ وَأۡمُـرۡ بِـٱلۡمَعۡرُوفِ وَٱنۡـهَ عَـنِ ٱلۡمُنكَـرِ
وَٱصۡـبِرۡ عَلَـىٰ مَـآ أَصَـابَكَۖ إِنَّ ذَٰلِـكَ مِـنۡ عَـزۡمِ ٱلۡأُمُـورِ ﴿١٧﴾

"പ്രിയ മകനേ, നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കേണം. ധർമം കൽപിക്കേണം. അധർമം വിലക്കേണം. ആ മാർഗത്തിലുണ്ടാകുന്ന ക്ലേശങ്ങൾ സഹനത്തോടെ തരണം ചെയ്യുക. വളരെ മനോദാർഢ്യമാവശ്യമുള്ള കാര്യമാണിത്." അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിയുള്ള സഹനത്തിനും മുറപ്രകാരമുള്ള നമസ്കാരത്തിനും പുറമെ അല്ലാഹു നൽകിയ വിഭവങ്ങളിൽനിന്ന് സമസൃഷ്ടികൾക്ക് പങ്കുവെക്കലും ഖുർആനിന്റെ സത്യസന്ദേശം സ്വീകരിച്ചവരുടെ സവിശേഷതയാണ്. അല്ലാഹു നൽകുന്ന അനുഗ്രഹങ്ങളാണ് رزق. ഭൗതിക വിഭവങ്ങൾക്കുപുറമെ കായബലം, ബുദ്ധിശക്തി, സാഹിത്യകലാപ്രതിഭകൾ, വാഗ്വൈഭവം, പാണ്ഡിത്യം മുതലായ കായികവും മാനസികവുമായ എല്ലാ അനുഗ്രഹങ്ങളും رزقൽ പെടുന്നു. സമ്പത്തെന്നപോലെ ഇത്തരം رزقകളും മറ്റുള്ളവരുടെ ഗുണത്തിനുവേണ്ടിയും ഉപയോഗിക്കണം. വ്യയം ചെയ്താൽ കുറഞ്ഞുപോകുന്നതാണ് സമ്പത്ത്. അതു പങ്കുവെക്കാൻ ആളുകൾ ഏറെ മടിക്കുന്നു. അതുകൊണ്ട് അതിന്റെ വ്യയം അല്ലാഹു പ്രത്യേകം ഊന്നിപ്പറഞ്ഞു. മറ്റനുഗ്രഹങ്ങളൊന്നും സഹജീവികളുടെ നന്മക്കുവേണ്ടി ഉപയോഗിക്കേണ്ടതില്ല എന്ന് അതിനർഥമില്ല. അല്ലാഹു 'നാം നൽകിയതിൽനിന്ന് ചെലവഴിക്കുവിൻ' -أَنفَقُواْ مِمَّا رَزَقۡنَـٰهُمۡ- എന്നു പറഞ്ഞതിലെ 'നാം നൽകിയതിൽ' അല്ലാഹുവിങ്കൽ നിന്നുള്ള എല്ലാ അനുഗ്രഹങ്ങളും പെടുന്നു. 'ഇവിടെ രഹസ്യമായും പരസ്യമായും' എന്നു പറഞ്ഞത് സമ്പത്തിന്റെ വിനിയോഗത്തെ പ്രത്യേകം ഉദ്ദേശിച്ചാണ്. വലതുകൈ കൊടുക്കുന്നത് ഇടതുകൈ അറിയാത്തവണ്ണം ദാനധർമങ്ങൾ രഹസ്യമായി നിർവഹിക്കുന്നതാണ് ഏറെ ഉൽകൃഷ്ടം. സ്വന്തം ആത്മാർഥതയും ഗുണഭോക്താവിന്റെ ആത്മാഭിമാനവും സംരക്ഷിക്കപ്പെടാൻ ഉചിതമായത് അതാണ്. അല്ലാഹുവിന്റെ പ്രീതിക്കുപരി പേരും പ്രശസ്തിയും കൊതിക്കുന്നവരാണ്, താൻ ഇന്നവർക്ക് ഇന്നതൊക്കെ ദാനം ചെയ്തു എന്ന് വിളിച്ചു കൂവി നടക്കുക. എന്നാൽ ദാനം പരസ്യപ്പെടുത്തുന്നതിൽ പ്രസിദ്ധി മോഹമല്ലാത്ത വല്ല ഉത്തമതാൽപര്യവുമുണ്ടെങ്കിൽ പരസ്യപ്പെടുത്താവുന്നതാണ്. ഒരു വ്യക്തിക്ക് അല്ലെങ്കിൽ സംരംഭത്തിന് ദാനം ചെയ്യാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അതിനുള്ള സ്വന്തം ദാനം പരസ്യപ്പെടുത്താം. പൊതുഖജനാവിലേക്ക് അടക്കേണ്ട സകാത്തു പരസ്യമായി നൽകേണ്ടതാണ്. സംഘടനകൾ പിരിച്ചെടുക്കുന്ന സംഭാവനകളും പരസ്യദാനത്തിൽ പെടുന്നു. പരസ്യമാകും എന്നതിന്റെ പേരിൽ ഉത്തരവാദപ്പെട്ടവർക്ക് സകാത്തും സേവന സംഘടനകൾക്ക് ദാനവും നിഷേധിക്കാവതല്ല. പരസ്യമായി -عَلَانِيَةً എന്നു പറഞ്ഞത് സകാത്തിനെക്കുറിച്ചാണെന്നും سِرًّا എന്നു പറഞ്ഞത് അതല്ലാത്ത ദാനധർമങ്ങളെക്കുറിച്ചാണെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സകാത്തല്ലാത്ത ദാനധർമങ്ങളൊന്നും പര്യപ്പെടുത്തിക്കൂടാ എന്നാണതിനർഥം. ഇങ്ങനെയൊരർഥം സൂക്തത്തിലെ പദങ്ങളിൽനിന്ന് ലഭിക്കുന്നില്ല. സകാത്തല്ലാത്ത ദാനധർമങ്ങളും പരസ്യമായിരിക്കൽ പൊതു താൽപര്യത്തിന് ഗുണകരമായിത്തീരുന്ന പല സന്ദർഭങ്ങളുമുണ്ട്.

തിന്മയെ നന്മകൊണ്ട് പ്രതിരോധിക്കുന്നവർ وَيَدۡرَءُونَ بِٱلۡحَسَنَةِ ٱلسَّيِّئَةَ എന്നതാണ് ഖുർആനിന്റെ വെളിച്ചം ഉൾക്കൊണ്ടവരുടെ മറ്റൊരു ലക്ഷണം. ശക്തിയായ പ്രതിരോധം, തടസ്സം എന്നർഥമുള്ള درء ൽ നിന്നുള്ള ക്രിയയാണ് يَدۡرَءُونَ. ഈ സന്ദർഭത്തിൽ ഈ വാക്യത്തിന് രണ്ടു താൽപര്യമുള്ളതായി ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. ഒന്ന്, തന്നിൽ സംഭവിച്ചുപോയ തിന്മയുടെ പരിഹാരമായി, അതിന്റെ ദുഷ്ഫലം ഇല്ലാതാക്കാൻ സൽകർമങ്ങൾ ചെയ്യുക. ഉദാഹരണമായി നേരത്തെ നിർബന്ധനമസ്കാരങ്ങൾ ഉപേക്ഷിച്ചതു പരിഹരിച്ചു കിട്ടാൻ പിൽക്കാലത്ത് കൂടുതൽ സുന്നത്തു നമസ്കാരങ്ങൾ നിർവഹിക്കുക. അല്ലാഹുവിന്റെ നിരോധങ്ങൾ ലംഘിച്ചതിനും ആളുകളോട് അക്രമം ചെയ്തതിനുമൊക്കെ വിശ്വാസികൾ ഈ വിധത്തിൽ പരിഹാരം ചെയ്യാറുണ്ട്. إِنَّ ٱلۡحَسَنَـٰتِ يُذۡهِبۡنَ ٱلسَّيِّـَٔاتِۚ (തീർച്ചയായും നന്മകൾ തിന്മകളെ പോക്കിക്കളയും -ഹൂദ് 114) എന്ന വചനം ഇതിനു പ്രമാണമാകുന്നു. തങ്ങളിൽ സംഭവിച്ച തിന്മകൾക്ക് പരിഹാരമായി പള്ളി നിർമിക്കുക, അനാഥകളെ സംരക്ഷിക്കുക, പാവങ്ങൾക്ക് ഊട്ടുപുരകളേർപ്പെടുത്തുക തുടങ്ങിയ സൽകർമങ്ങളിലേർപ്പെടുന്നത് ആളുകളുടെ സത്യസന്ധമായ തൗബയുടെ ഭാഗമാണ്. റസൂൽ(സ) തിരുമേനി ഒരിക്കൽ മുആദി(റ)നോടു പറഞ്ഞതായി ഇമാം അഹ്മദ് ഉദ്ധരിക്കുന്നു:

اتّق الله أينماتكون واتبع السيئة حَسَنَة تمحها وخالق النّاس بخلق حسن

(എവിടെയായിരിക്കുമ്പോഴും അല്ലാഹുവിനെ ഭയപ്പെടേണം. തിന്മ സംഭവിച്ചാൽ അതിനെ മായ്ച്ചുകളയുന്ന നന്മയെ പിന്തുടർത്തേണം. ആളുകളോട് സുന്ദരമായി പെരുമാറുകയും ചെയ്യുക).

ഇങ്ങോട്ട് തിന്മ ചെയ്തവരോട് അങ്ങോട്ട് നന്മചെയ്തുകൊണ്ട് പ്രതികരിക്കുക എന്നതാണ് രണ്ടാമത്തെ താൽപര്യം. ഇങ്ങോട്ട് ചെയ്ത ദ്രോഹം അതുപോലെ അങ്ങോട്ടും തിരിച്ചുകൊടുക്കുക ഒരു പൊതു ന്യായമാണ്. പക്ഷേ, സത്യവിശ്വാസികൾക്ക് പലപ്പോഴും ഈ ന്യായം സാധുവല്ല. ഒരാൾ നിങ്ങളെ അടിച്ചാൽ തിരിച്ചടിക്കുന്നത് ന്യായം. എന്നാൽ ഒരാൾ നിങ്ങളുടെ മകനെ അടിച്ചാൽ നിങ്ങൾ അയാളുടെ മകനെ അടിക്കാൻ പാടില്ല. ഒരുവൻ നിങ്ങളുടെ ഉറ്റവരെ മാനഭംഗപ്പെടുത്തിയാൽ പകരം നിങ്ങൾ അയാളുടെ ഉറ്റവരെ മാനഭംഗപ്പെടുത്താനും പാടില്ല. പ്രതികാരം അനുവദനീയമായ സന്ദർഭങ്ങളിൽ പോലും ദ്രോഹങ്ങൾ തുല്യ നാണയത്തിൽ തിരിച്ചുകൊടുക്കുക ആയിരിക്കരുത് ഖുർആന്റെ വെളിച്ചം ലഭിച്ചവരുടെ രീതി. നബി(സ) പ്രസ്താവിച്ചു:

ولا تكونوا إمعة يقولون إن أحسنَ النّاسِ أحسنا وإن ظلمونا ظلمنا ولكن وطّنوا أنفسكم إن أحسن الناس أن تحسنوا وإنَ أَساءوا فَلاَ تَظْلمُون

"ആളുകൾ ഞങ്ങളോട് നന്മചെയ്താൽ ഞങ്ങളും നന്മ ചെയ്യും, അവർ ഞങ്ങളെ അക്രമിച്ചാൽ ഞങ്ങളും അക്രമിക്കും എന്നു പറയുന്നവരാകരുത് നിങ്ങൾ. മറിച്ച് ആളുകൾ നന്മചെയ്താൽ നിങ്ങളും നന്മ ചെയ്യാനും അവർ തെറ്റു ചെയ്താൽ അവരോട് അക്രമം ചെയ്യാതിരിക്കാനും നിങ്ങൾ സ്വയം പാകപ്പെടുത്തേണം." നിങ്ങളുടെ വസ്തു മോഷ്ടിച്ചവനെ കണ്ടെത്തിയാൽ പിടികൂടി പോലീസിലേൽപിക്കുന്നതും മോഷണവസ്തു വീണ്ടെടുക്കുന്നതും നിങ്ങളുടെ നൈതികമായ അവകാശം.

മോഷ്ടാവിനെ പരസ്യപ്പെടുത്തി അപമാനിക്കാതെ നിങ്ങളുടെ സാധനം വീണ്ടെടുത്തശേഷം വിട്ടയക്കുന്നത് ഒരു നന്മയാണ്. അയാൾ മോഷ്ടിച്ച സാധനം അയാൾക്ക് ദാനമായി നൽകികൊണ്ട് വിട്ടയക്കുകയാണെങ്കിൽ അത് അത്യുത്തമം- أحسن ആകുന്നു. ഈ അത്യുത്തമ സമീപനം അർഹിക്കുന്ന സന്ദർഭങ്ങളിലേ അവലംബിക്കാവൂ. ഇങ്ങനെ തിന്മതിനെ ഏറ്റം നല്ലതുകൊണ്ട് പ്രതിരോധിക്കുന്നതിൽ വലുതായ ഗുണങ്ങളുണ്ട്. ഉപദ്രവമേൽപിച്ചവനിൽനിന്ന് ഉപകാരം തിരിച്ചു കിട്ടുന്നവന്റെ മനസാക്ഷി മരിച്ചുകഴിഞ്ഞിട്ടില്ലെങ്കിൽ പിന്നീട് ഒരിക്കലും അവൻ അയാളെ ദ്രോഹിക്കുകയില്ല. എന്നല്ല, തന്റെ പ്രതിയോഗിയോട് അവന് ആദരവും സ്നേഹവും ഉണ്ടാവുകയും ചെയ്യും. അത് അവനെ ഇതര ദുഷ്ടതകളിൽനിന്നു കൂടി സംസ്കരിക്കും. ഇതെക്കുറിച്ച് സൂറ *ഫുസ്സിലത്* 34-ാം സൂക്തത്തിൽ പറയുന്നു:

وَلَا تَسْتَوِى ٱلْحَسَنَةُ وَلَا ٱلسَّيِّئَةُ ٱدْفَعْ بِٱلَّتِى هِىَ أَحْسَنُ
فَإِذَا ٱلَّذِى بَيْنَكَ وَبَيْنَهُۥ عَدَٰوَةٌ كَأَنَّهُۥ وَلِىٌّ حَمِيمٌ ﴿٣٤﴾

"നന്മയും തിന്മയും തുല്യമാകുന്നില്ല. തിന്മയെ ഏറ്റവും ഉത്കൃഷ്ടമായതുകൊണ്ട് തടയണം. എങ്കിൽ നിന്നോട് വൈരത്തിൽ വർത്തിക്കുന്നവൻ ആത്മമിത്രമായിത്തീരുന്നതു കാണാം."

മേൽപ്പറഞ്ഞ സ്വഭാവ ഗുണങ്ങളാണ് ഖുർആനിനെ സത്യസന്ദേശമായി കൈക്കൊണ്ടവരുടെ ജീവിതത്തിൽ കാണപ്പെടുക. അവരാണ് സത്യത്തിൽ സൽബുദ്ധിയുള്ളവർ أُوْلُوا۟ ٱلْأَلْبَٰبِ. അവർക്കുള്ളതാണ് സ്വർഗം. عُقْبَى ٱلدَّارِ എന്നാണ് മൂലവാക്ക്. 11-ാം സൂക്തത്തിൽവന്ന مُعَقِّبَٰتٌ ന്റെ മൂലത്തിൽ നിന്നുള്ള പദമാണ് عقبى. അന്ത്യം, പിൻവശം എന്നർഥം. വീടിന്റെ പിൻവശമാണ് ഭാഷാർഥത്തിൽ عُقْبَى ٱلدَّارِ. ഭൗതികലോകമാകുന്ന മുന്നിലുള്ള ഭവനത്തിന്റെ പിന്നിലുള്ള ഭവനം -പരലോകം എന്നാണിവിടെ വിവക്ഷ. സ്വർഗീയ ഭവനം എന്ന അർഥമാണ് വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചിട്ടുള്ളത്. പരലോകത്തെ സ്തുത്യർഹമായ പരിണതി - العاقبة المحمودة فى الدار الآخرة എന്നും അർഥം നൽകപ്പെട്ടിട്ടുണ്ട്. തുടർന്നുവരുന്ന സൂക്തം ആ അർഥകൽപനക്ക് കൂടുതൽ ഔചിത്യമേകുന്നുമുണ്ട്. പരലോകം എന്ന അർഥം കൊടുക്കുമ്പോഴും സജ്ജനങ്ങൾക്ക് വേണ്ടി ഒരുക്കപ്പെട്ട അനുഗൃഹീതമായ സ്വർഗമാണ് ഉദ്ദേശ്യം. സത്യവും അസത്യവും ധർമവും അധർമവുമെല്ലാം ഒരു പോലെയാണെന്നും എന്തുചെയ്താലും പരലോകമെന്നൊന്നുണ്ടെങ്കിൽ തങ്ങളാരാധിച്ചുകൊണ്ടിരിക്കുന്ന ദൈവങ്ങൾ അവിടെ തങ്ങളുടെ രക്ഷിക്കാനുണ്ടായിരിക്കുമെന്നുമുള്ള വിഗ്രഹാരാധകരുടെ വാദത്തിന്റെ ഖണ്ഡനം കൂടിയാണ് أُوْلَٰٓئِكَ لَهُمْ عُقْبَى ٱلدَّارِ എന്നവാക്യം.

**23,24:** عُقْبَى ٱلدَّارِ ന്റെ വിശദീകരണമാണിത്. عَدَنَ (സ്ഥിരമായി വസിച്ചു)യുടെ നാമപദമാണ് عَدْن. ഭൂഗർഭവിഭവങ്ങളുടെ ഖനികളെ معدن എന്നുപറയും. സ്ഥിരമായി വസിക്കാനുള്ള സ്വർഗീയ ഭവനങ്ങളാണ് جَنَّٰتُ عَدْنٍ. ഇത് സ്വർഗത്തിലെ കനകക്കൊട്ടാരമാണെന്നും അതിന് പതിനായിരം കവാടങ്ങളുണ്ടെന്നും നബിമാരും സിദ്ദീഖുകളും ശുഹദാക്കളും മാത്രമേ അതിൽ കടക്കുകയുള്ളൂ എന്നും ഒക്കെ നിവേദനങ്ങളുണ്ട്. സ്വർഗത്തിന്റെ മധ്യഭാഗം എന്നാണ് മറ്റൊരു നിവേദനത്തിലുള്ളത്. ഈ നിവേദനങ്ങൾ പക്ഷേ, പ്രബലങ്ങളല്ല. സൂക്തങ്ങളുടെ പ്രത്യക്ഷതാൽപര്യമിതാണ്: ഖുർആനിന്റെ വെളിച്ചം സ്വീകരിക്കുകയും മുൻചൊന്ന ഗുണവിശേഷങ്ങൾ ആർജിക്കുകയും ചെയ്തവരുടെ പരിണതി നിത്യമായ സ്വർഗവാസമാണ്. അവരുടെ സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും സംപൂർണതക്കുവേണ്ടി അവരുടെ പിതാക്കളെയും ഇണകളെയും മക്കളെയും ആ സ്വർഗത്തിൽ അവരോടൊപ്പം ചേർത്തുകൊടുക്കും. മഹത്തായ സൗഭാഗ്യങ്ങളുണ്ടാകുമ്പോൾ അതാസ്വദിക്കുന്നതിൽ തന്റെ ഉറ്റവരുടെയും ഉടയവരുടെയും സാന്നിധ്യവും പങ്കാളിത്തവും ആഗ്രഹിക്കുക മനുഷ്യസഹജമാണ്. അല്ലാഹു ഈ ആഗ്രഹം പൂർത്തീകരിച്ചു കൊടുക്കുമെന്ന് വാഗ്ദാനം ചെയ്യുകയാണ്. ഒരുപാധിയുണ്ട്, അവർ സ്വന്തം നിലയിൽ സ്വർഗത്തിനവകാശികളായ സജ്ജനങ്ങളായിരിക്കണം. ഈ ഉപാധി അടിസ്ഥാനപരമാണ്. ഇതില്ലെങ്കിൽ ഒരാളുടെ സൽകർമത്തിന്റെ പേരിൽ അയാൾക്ക് വേണ്ടപ്പെട്ടവരെയെല്ലാം സ്വർഗസ്ഥരാക്കുന്നത് അല്ലാഹുവിന്റെ നീതിവ്യവസ്ഥക്ക് നിരക്കുകയില്ല. എന്നാൽ ഉറ്റവരും ഉടയവരും അടിസ്ഥാനപരമായി വിശ്വാസികളും സച്ചരിതരുമാണെങ്കിൽ അദ്ദേഹത്തിന്റെ അത്രതന്നെ കർമ ഗുണവും മഹത്വവുമില്ലെങ്കിലും അല്ലാഹു ഔദാര്യപൂർവം അവരെ സ്വർഗത്തിൽ അദ്ദേഹത്തോടൊപ്പം ചേർക്കുമെന്ന് പ്രതീക്ഷിക്കാം.

آباء (പിതാക്കൾ) എന്ന വാക്കിൽ പിതാക്കളും മാതാക്കളും ഉൾപ്പെടുന്നു. മാതാവിനെയും പിതാവിനെയും ഉദ്ദേശിച്ച് أبويه (അവന്റെ രണ്ടുപിതാക്കൾ) എന്നു പറയുന്നതുപോലെയാണിത്. أزواج (ഇണകൾ)ൽ ഭാര്യയും ഭർത്താവും പെടുന്നു.

جَنَّٰتُ عَدْنٍ സ്വർഗീയോദ്യാനമായാലും സ്വർഗത്തിലെ കനകക്കൊട്ടാരമായാലും അതിന് നിരവധി പ്രവേശന കവാടങ്ങളുണ്ടായിരിക്കും. ആ കവാടങ്ങളിലൂടെ മലക്കുകൾ കടന്നുവന്ന് അവരെ അഭിവാദ്യം ചെയ്യുകയും ആശീർവദിക്കുകയും ചെയ്യും. ഭൗതിക ലോകത്ത് കടുത്ത പ്രയാസങ്ങളും പീഡനങ്ങളും സഹിച്ചുകൊണ്ട് അല്ലാഹുവിനോടുള്ള പ്രതിജ്ഞ നിറവേറ്റിയതിന്റെ ഫലമായി ഇപ്പോൾ ഈ സ്വർഗത്തിനർഹരായിത്തീർന്ന നിങ്ങൾക്ക് നിത്യസമാധാനം! നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന അനുഗൃഹീതമായ അനന്തരഗേഹം എത്ര വിശിഷ്ടമായിരിക്കുന്നു.

فَنِعْمَ عُقْبَى ٱلدَّارِ മലക്കുകളുടെ അഭിവാദ്യത്തിന്റെ ഭാഗമല്ല, സ്വർഗത്തിന്റെ ഔന്നത്യത്തിന് അല്ലാഹുവിങ്കൽ നിന്നുള്ള പ്രശംസയാണ് എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. 22-ാം സൂക്തത്തിൽ പരാമർശിച്ച عُقْبَى ٱلدَّارِ ന്റെ മഹത്വവും ഗാംഭീര്യവും ചൂണ്ടിക്കാണിച്ചുകൊണ്ട് അവൻ പ്രശംസിക്കുകയാണ്: നോക്കൂ നിങ്ങൾ നേടിയ ഈ പാരത്രിക വിജയം എത്ര മഹത്തരമായിരിക്കുന്നു! ■